# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA
PHONE 8499 8234




# കടമ്പനാട്ടുപള്ളി: കത്തീഡ്രൽ പ്രഖ്യാപനം ഇന്ന്

സ്റ്റാഫ് എഡിററർ

കടമ്പനാട്ട്: പുരാതനമായ കടമ്പനാട്ട് സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി, സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഇന്ന് വി. കുർബാനയെ തുടർന്നു നടക്കുന്ന ചടങ്ങിൽവച്ച് കത്തീഡ്രലായി പ്രഖ്യാപിക്കും.

കടമ്പനാട്ടു പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ മൂന്നാം മർത്തോമ്മായുടെ മുന്നൂറാം ഓർമ്മപ്പെരുന്നാളിന്റെ സമാപനചടങ്ങിലാണ് കത്തീഡ്രൽ പ്രഖ്യാപനം നടക്കുക.

തുടർന്ന് 11,30 ന് പള്ളിക്കു ചുററും റാസ നടക്കുന്നതാണ്.

12 മണിക്ക് കമ്മ്യൂണിററി ഹാളിന്റെ ശിലാസ്ഥാപനകർമ്മം പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കും.


ഇന്നു രാവിലെ പ. ബാവാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ നിയുക്ത കാതോലിക്കായും ഇടവക മെത്രാപ്പോലീത്തായുമായ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ എന്നിവർ വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു.

3 മണിക്കു ചേരുന്ന പൊതുസമ്മേളനത്തിൽ പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിക്കും.

ആഘോഷച്ചടങ്ങുകളുടെ സ്മാരകമായി പ്രസിദ്ധീകരിച്ച സുവനീർ നിയുക്ത കാതോലിക്കാ പ്രകാശനം ചെയ്യും.

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ (മാർത്തോമ്മാ സഭ) കെ. എം. മാത്യു (മനോരമ), മഹാകവി പുത്തൻകാവ് മാത്തൻ തരകൻ, തോമസ് കുതിരവട്ടം എം. പി, ആർ. ഉണ്ണികൃഷ്ണപിള്ള എം. എൽ. എ, പോൾ മത്തായി (സഭാ സെക്രട്ടറി), ആർ. ബാലകൃഷ്ണപിള്ള എം. എൽ. എ, തെന്നല ബാലകൃഷ്ണപിള്ള, എ. കെ. തോമസ്, ഇ. കെ. പിള്ള, ജി. നരേന്ദ്രൻ (പഞ്ചായത്തു

(ശേഷം 4–ാം പേജിൽ)



പരിശുദ്ധ മൂന്നാം മർത്തോമ്മായുടെ മുന്നൂറാം ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്ന കടമ്പനാട്ട് സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി



പ. ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ

# കടമ്പനാട്ടുപള്ളി: മദ്ധ്യതിരുവിതാംകൂറിന്റെ മാതൃദേവാലയം

സ്റ്റാഫ് എഡിററർ

ഭാരതത്തിലുള്ള പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിലെ പൗരാണിക ദേവാലയങ്ങളിലൊന്നാണ് കടമ്പനാട്ട് സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി. 1822-ൽ പൂർണ്ണമായ ജീർണ്ണോദ്ധാരണത്തിനു വിധേയമായ ഈ ദേവാലയം 4–ാം നൂററാണ്ടിൽ സ്ഥാപിതമായി എന്നാണ് പാരമ്പര്യം.

ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ ദേവാലയത്തിലെ പിൻതുടർച്ചക്കാരാണ് കടമ്പനാട്ട് ഈ പള്ളി സ്ഥാപിച്ചത്. ഈ കുടിയേററവും ദേവാലയസ്ഥാപനവും ഒന്നാംനൂററാണ്ടിൽതന്നെ സംഭവിച്ചുവെന്നും അതുമല്ല 14–ാം നൂററാണ്ടിലായിരുന്നു കുടിയേററം എന്നും ചരിത്രകാരന്മാർക്കിടയിൽ തർക്കം നിലനിൽക്കുന്നു. എന്നാൽ ഈ ദേവാലയസ്ഥാപകർ നിലയ്ക്കൽ നിന്നുള്ള കുടിയേററക്കാരാണ് എന്നതിൽതർക്കംഒട്ടുംതന്നെയില്ല.



ഫാ. എം. എൽ തോമസ്
വികാരി

നിലയ്ക്കൽ പള്ളിയുടെ അവശിഷ്ടങ്ങൾ 14–ാം നൂററാണ്ടുവരെ അവിടെ നിലകൊണ്ടുവെന്നാണ് ചരിത്രം. അതിന് എത്രകാലം മുൻപ് ഈ കേന്ദ്രംവിട്ട് കുടിയേററം നടത്തി എന്നത് കൃത്യമായി പറഞ്ഞുകൂടാ. ഈ കുടിയേററ കാരണവും കൃത്യമായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് സ്ഥാപനകാലത്തെക്കുറിച്ചുള്ള തർക്ക

(ശേഷം 4–ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

1988 ഏപ്രിൽ 22

# ദൈവത്തിൽ നിന്നും നമ്മെ അകററുന്നവ

യേശുക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കേണ്ടതിൻെറ പ്രാധാന്യത്തെപ്പററി അനേകം പുസ്തകങ്ങളിൽനിന്നും, ഹൃദയസ്പർശിയായ പ്രഭാഷണങ്ങളിലൂടെയും നാം ഗ്രഹിക്കാറുണ്ട്. പക്ഷെ, ആ ബന്ധം ഇന്നു നിലനില്ക്കുന്നുണ്ടോ, എന്നും, ഉണ്ടെങ്കിൽ ഏതു നിലയിൽ എന്നു ഗ്രഹിക്കാനോ സന്തോഷത്തോടെ വിശദമാക്കാനോ അധികം പേർക്കും സാദ്ധ്യമാകുന്നില്ല. ബന്ധമുണ്ട് എന്നു ധരിച്ചുകൊണ്ട് അങ്ങനെ നീങ്ങുന്നു; അത്രമാത്രം. പേരിനെങ്കിലും, ഓരോന്നും ആരംഭിക്കുമ്പോഴും ഈ ബന്ധം അയവിറക്കപ്പെടുന്നു. സർവ്വ വാതിലുകളുമടയുമ്പോഴും ഹൃദയഭാരത്തോടെ അതിൻെറ നേരേ നോക്കുന്നു. മററുചില വഴികളിലൂടെ കൂടുതൽ ആദായം നേടി സുഖിക്കാമെന്നു കണ്ടാൽ അങ്ങോട്ടു കാലുമാറാനും മടിക്കില്ല. എങ്കിൽപോലും ഈ ആളത്വ ബന്ധത്തിൻെറ കണ്ണി അററുപോയി എന്നു അനേകരും ചിന്തിക്കാറില്ല. അപ്പോഴും ഈ ബന്ധത്തെ പൊതിഞ്ഞു നിൽക്കുന്ന ദുർഗ്രാഹ്യതയുടെ പൊരുൾ എന്തായിരിക്കും?

പഴയ നമസ്ക്കാര പുസ്തകത്തിലെ (കുടുംബപ്രാത്ഥന) ''പട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനേ'' എന്ന അപേക്ഷയിൽ, ആപത്തുകളുടെയും അനർത്ഥങ്ങളുടെയും പാപകരമായവയുടെയും, ദൈവികമല്ലാത്തവയുടേയും എല്ലാം പിടിയിൽനിന്നും രക്ഷിക്കണമെ എന്നു പറഞ്ഞിട്ട്, അവസാനം സരളമായ ഭാഷയിൽ ''നിന്നിൽനിന്നു ഞങ്ങളെ അകററുന്ന സകലത്തിൽനിന്നും'' എന്നു പ്രത്യേകം എടുത്തു പറയുന്നുണ്ട്. അതുവരെ പറഞ്ഞവയുടെയെല്ലാം മകുടമായി, അവയിൽ തിന്മയായിട്ടുള്ളതിനെയെല്ലാം ഉൾക്കൊള്ളുന്നതാണ് അവസാനത്തെ ''നിന്നിൽനിന്നകററുന്ന'' എന്ന വാക്കുകൾ എന്നു തോന്നിപ്പോകുന്നു. വൈദീകസ്ഥാനികളുടെ പട്ടാഭിഷേക ശുശ്രൂഷയുടെ ആദ്യഭാഗത്തു് ഉപദേശങ്ങൾ നൽകുമ്പോൾ ''മനുഷ്യനെ ദൈവത്തിൽ നിന്നകററിക്കളയുന്നവയിൽ'' നിന്നൊഴിഞ്ഞിരിക്കണമെന്നു നിർദ്ദേശിക്കുന്നുണ്ട്.

## ഫാ. ജേക്കബ് ചെറിയാൻ

ചില പ്രത്യേക സാഹചര്യങ്ങളിലും സ്ഥലങ്ങളിലും ആയിരിക്കുമ്പോൾ, നാം ദൈവത്തോടു വളരെ അടുത്തവരാണ് എന്നു് മററുള്ളവരിൽ തോന്നലുണ്ടാക്കുവാൻ ശ്രമിക്കാറുണ്ട്. അപ്പോൾപോലും, ഉള്ളിൻെറ ഉള്ളിൽ പരതിയാൽ ദൈവത്തിൻെറ സന്നിധാനത്തിൽനിന്നും നമ്മെ അകററുന്ന ഒട്ടനവധി സംഗതികൾ തലയുയർത്തി നില്ക്കുന്നതായി കാണാം. കാന്തത്തിൻെറ വികർഷണ സ്വഭാവമുള്ള അഗ്രങ്ങൾ അടുത്തു നില്ക്കയാണെന്നു പറയുന്നതിൽ എന്തർത്ഥം? മാന്യനായ വ്യക്തിയുടെ വീട്ടിൽ വിരുന്നിനു ക്ഷണിക്കപ്പെട്ടാൽ അതിനുള്ള പ്രത്യേക വസ്ത്രവുമായി അവിടെ പ്രത്യക്ഷപ്പെടണമെന്നു യേശുക്രിസ്തു ഒരു കഥയിലൂടെ പ്രകടമാക്കുന്നുണ്ടല്ലോ. മുഷിഞ്ഞു നാറുന്ന വസ്ത്രത്തോടെ-ഒരുക്കമില്ലാതെ-കയറിച്ചെല്ലുന്നവൻ ദരിദ്രനാവണമെന്നില്ല; അഹങ്കാരത്താലോ അഥവാ ആതിഥേയനെ അവഹേളിക്കുന്നതിനോ ആകാം. അവനു് ഒരു നിമിഷംപോലും സദസ്സിൽ സ്ഥാനമില്ല. ദൈവത്തിനു അഹിതകരവും, അറപ്പായതും, ദർശനീയമല്ലാത്തതുമായ പലതും ചുമന്നുകൊണ്ടു്, തന്നോടു സൗഹൃദം അവകാശപ്പെട്ടാൽ അതിലൊരു കഥയുമില്ല. ഇന്നു് മനുഷ്യരെ വിശ്വസിപ്പാൻ കുറെയൊക്കെ കഴിഞ്ഞേക്കും. പക്ഷെ ആ തട്ടിപ്പ് നടക്കാത്ത സമയം വരുന്നു.

ദൈവത്തോടു നമുക്കുള്ള ബന്ധത്തിൻെറ മേഖലയിൽ സാത്താൻ പ്രവേശിക്കാൻ അനുവദിക്കുമ്പോഴാണ് അതിൽ വിള്ളലുകളുണ്ടാകുന്നതു്. സ്വാർത്ഥതയും, ധനമോഹവും, സുഖലോലുപതവും, ദിനാനുകമ്പയില്ലായ്മയും, സ്നേഹക്കുറവും, പണമുണ്ടാക്കാൻ ഏതു ഹീനമാർഗ്ഗവും അറപ്പില്ലാതെ സ്വീകരിക്കുന്നതും എല്ലാം ദൈവസ്നേഹത്തിൽനിന്നും മനുഷ്യനെ അകററുന്നവയാണ്. ദൈവത്തെയുള്ള സ്നേഹം ആത്മാർത്ഥമായും ശക്തമായുമിരുന്നാൽ അതിൽ ദുഷ്ടൻ കയറിപ്പററില്ല; ദൈവസ്നേഹത്തിൽനിന്നും നാം വേർപെടില്ല. ദൈവസ്നേഹം കുറയുകയും, വേറെ ചില മമതകളും ബന്ധങ്ങളും താല്പര്യങ്ങളും കണക്കുകൂട്ടലുകളും ഉയരുകയും ചെയ്യുമ്പോൾ ഒരു ഞെട്ടലോടെ ഓർക്കണം ദൈവത്തിൽനിന്നും ദൈവസ്നേഹത്തിൽനിന്നും ഞാൻ വേർപെടുകയാണ്! സർവ്വശക്തിയും സമാഹരിച്ച് പ്രവേശിച്ച ശത്രുവിനെ ഇറക്കിവിടണം. ദൈവമുമ്പാകെ സ്വീകാര്യമല്ലാത്ത സകലവും, സ്വമനസ്സാ-പീഡയും നഷ്ടവും സഹിച്ചുപോലും-പുറത്താക്കണം. അതു നഷ്ടമല്ല. നേട്ടമാണ്. ദൈവസ്നേഹം തിരികെ കിട്ടി.

തിങ്കളാഴ്ച മൂന്നാംമണിയുടെ രഹസ്യപ്രാർത്ഥനയിൽ (പാമ്പാക്കുട) ഇങ്ങനെ കാണുന്നു. ''ഒരിക്കലും കോപിക്കാത്തവനും കൃപയോടെ അകൃത്യങ്ങളെല്ലാം വഹിക്കുന്നവനുമായ നല്ലവനെ! എൻെറ ഹൃദയത്തെ നിൻെറ സമാധാനംകൊണ്ടും, ദുഷ്ടനു കടക്കുവാൻ കഴിയാത്ത വേർപെടാത്ത സ്നേഹംകൊണ്ടും നിറയ്ക്കണമെ.

## ധ്യാനപീഠം

# വെല്ലുവിളിയെ നേരിടുന്ന കേരള സഭകൾ

## ഫാ. പി. എസ്. സാമുവേൽ (ന്യൂയോർക്കു്)

രണ്ടായിരം വർഷത്തെ പഴക്കമുള്ള മലങ്കരസഭ ഉൾപ്പെടെ നിരവധി ക്രൈസ്തവ സഭാവിഭാഗങ്ങൾ തഴച്ചുവളരുന്ന നാടാണ് കേരളം. പക്ഷെ ക്രിസ്തീയ ദൗത്യനിർവഹണത്തിൽ പൂർണ്ണമായും കേരള സഭകൾ വിജയം വരിക്കുന്നുണ്ടോ? 'കേരളസഭകൾ' എന്നു് ഇവിടെ പറയുന്നുവെങ്കിലും ലോകത്തെങ്ങുമുള്ള ക്രൈസ്തവ സഭകളെ സംബന്ധിച്ചും ഈ ചോദ്യം പ്രസക്തമാണ്.

കഴിഞ്ഞപ്രാവശ്യത്തെ കേരള പര്യടനത്തിനിടയിൽ മനസ്സിലുയർന്ന ചിന്തകൾ അധികവും നമ്മുടെ നാടിനെക്കുറിച്ചും കേരള സഭകളെക്കുറിച്ചും ആയിരുന്നു, അതിനാലാണ് കേരള സഭകളെ ഈ ലേഖനത്തിൽ പ്രധാനമായും സ്പർശിക്കുന്നതു്.

കേരളത്തിലെ സഭകൾ ഇന്നു് ഒരു വലിയ വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കയാണ്. എന്താണ് ആ വെല്ലുവിളി? ശക്തമായിക്കൊണ്ടിരിയ്ക്കുന്ന ഭൗതിക വാദമാണ് ആ വെല്ലുവിളി.

ക്രിസ്തീയ ദൗത്യ നിർവഹണത്തിൽ പരാജയപ്പെടുകയാണെങ്കിൽ ഭൗതിക വാദത്തിൻെറ അതിശക്തമായ വെല്ലുവിളിക്കുമുമ്പിൽ സഭകൾക്കു തലകുനിക്കേണ്ടിവരും. സാമൂഹിക നീതിക്കുവേണ്ടി സഭകൾ കൂടുതൽ ശബ്ദം ഉയർത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ക്രൈസ്തവ യുവാക്കൾ എന്തുകൊണ്ടാണ് മാർക്സിസത്തിൽ ആകൃഷ്ടരാകുന്നത്? ആദർശശാലികളായ യുവാക്കൾ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ പററിയ തത്വസംഹിതകൾ മാർക്സിസമാണെന്നുകരുതി അതിൽ അഭയം തേടുന്നു. നാളത്തെ സഭയുടെ നേതാക്കൾ ആകേണ്ടവർ ഭൗതിക വാദത്തിലേക്കു ഒഴുകിപ്പോകുന്നതുകണ്ട് കണ്ണടച്ചിരിക്കാൻ ക്രൈസ്തവ സഭാനേതാക്കൾക്കു കഴിയുമോ?

ഭാരത ക്രൈസ്തവരുടെ നിരയിൽ ക്രിസ്തീയ ദർശനമുള്ള ഉത്തമ ഇടയന്മാരിലൊരാളായിരുന്നു കാലംചെയ്ത ഡോ. യൂഹാനോൻ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി.

അദ്ദേഹത്തെക്കുറിച്ചുള്ള ഒരു പഠന ഗ്രന്ഥമാണ് ഡോ. യൂഹാനോൻ 'മാർത്തോമ്മാ മെത്രാപ്പോലീത്താ- ജീവിതവും സന്ദേശവും' അതിലെ പല ഭാഗങ്ങളും എന്നെ ആഴമായി സ്പർശിച്ചു. ആ ഗ്രന്ഥത്തിൽ നിന്നു് ഒരുഭാഗം ഉദ്ധരിക്കുന്നു:-

1949-ലെ മാർത്തോമ്മാ സ്റ്റുഡൻറ്സ് കോൺഫറൻസിൽ ക്രൈസ്തവസഭയും സാമൂഹിക നീതിയും എന്ന വിഷയത്തെ അധികരിച്ച് യൂഹാനോൻ മാർത്തോമ്മാ ഒരു പ്രസംഗം ചെയ്തു. അനേകം ചെറുപ്പക്കാരെ കർമ്മോൽസുകരാക്കുന്നതിനു് ആ പ്രഭാഷണം പര്യാപ്തം ആയിത്തീർന്നു. അതിൻെറ ഫലമായി കിടപ്പാടമില്ലാത്തവർക്കു ഭൂമി, അക്ഷരാഭ്യാസമില്ലാത്തവർക്കു വിദ്യാഭ്യാസം, തൊഴിൽ രഹിതർക്കു തൊഴിൽ, സോഷ്യൽ ഡെമോക്രാററിക്കു ചിന്തയുടെ വളർച്ച മുതലായ ലക്ഷ്യങ്ങളെ മുൻനിറുത്തി ഒരു പ്രവർത്തക കമ്മററി രൂപവൽക്കരിച്ചു. ഇങ്ങനെയുള്ള പുരോഗമനപരമായ ആശയങ്ങൾ വളർന്നുവരുന്ന തലമുറയ്ക്കു നൽകികൊണ്ടിരുന്നതിനാൽ, മാർക്സിസത്തിലേക്കു വഴുതി നീങ്ങിക്കൊണ്ടിരുന്ന അനേകം ചെറുപ്പക്കാരെ ക്രൈസ്തവ മാർഗത്തിൽ ഉറപ്പിച്ചു നിർത്താൻ മെത്രാപ്പോലീത്തായ്ക്കു സാധിച്ചു. 1957-ൽ ഒരു സാമൂഹ്യകമ്മററി രൂപവൽക്കരിച്ചു. സാമൂഹിക ദോഷങ്ങൾക്കു് എതിരായി പ്രചരണം നടത്തുക ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കുക, സഭയിലെ ജാതിവ്യത്യാസം തുടച്ചുനീക്കുക തകർന്ന കുടുംബങ്ങളെ ഉദ്ധരിക്കുക- 'മദ്യവർജ്ജനം നടപ്പാക്കുക, സ്ത്രീധനദൂഷ്യത്തിനു പരിഹാരം കണ്ടെത്തുക, വ്യവഹാരശീലം ഇല്ലാതാക്കുക മുതലായവ ആയിരുന്നു പ്രവർത്തന ലക്ഷ്യമായി കമ്മിററി സ്വീകരിച്ചതു്''.

മഹത്തായ ആശയം പ്രവർത്തന പദ്ധതിയിലാക്കുന്നതിൽ ആ മഹാപുരുഷൻ വിജയം വരിച്ചു. ദരിദ്രരും ധനികരും ക്രിസ്തുനാഥൻെറ മുമ്പിൽ സമന്മാരാണെന്ന സത്യം പലപ്പോഴും പല സഭാ നേതാക്കളും വിസ്മരിച്ചുപോകാറുണ്ട്. പക്ഷെ വലിയതിരുമേനി ദരിദ്രരും ധനികരും എന്ന ഭേദം കൂടാതെ തൻെറ ആടുകളെ ഒരുപോലെ സ്നേഹിച്ചു. ദരിദ്രരോടുള്ള അദ്ദേഹത്തിൻെറ ആഴമായ സ്നേഹവും കരുതലും വെളിവാക്കുന്ന പല കഥകളിലൊന്നു് ചുവടെ ചേർക്കുന്നു:-

തേക്കുംകാട് എന്ന കുഗ്ഗ്രാമപ്രദേശത്തു താമസിക്കുന്ന പാവപ്പെട്ട കർഷകർ ഒരു ചെറിയ പള്ളി പണിയിച്ചു. അതിൻെറ കൂദാശ വലിയ തിരുമേനി നടത്തിക്കൊടുക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. അദ്ദേഹം അതു സമ്മതിച്ചു. കാറുപോകാത്ത കാട്ടുവഴികളിലൂടെ ജീപ്പിൽ സഞ്ചരിച്ചു മെത്രാപ്പോലീത്താ അവിടെയെത്തി, പള്ളിയുടെ കൂദാശ നടത്തി. ക്ലേശകരമായ യാത്ര കഴിഞ്ഞു മടങ്ങിയെത്തിയ മെത്രാപ്പോലീത്താ ശയ്യാവലംബിയായി ഏതാനും ദിവസങ്ങൾ കഴിയേണ്ടിവന്നു. അദ്ദേഹത്തിൻെറ പരിപാടികൾ കുറെ നിയന്ത്രിക്കേണ്ടതാവശ്യമാണെന്നു സഭാ കൗൺസിലിനുതോന്നി. വിവാഹത്തിനും മാമോദീസായ്ക്കുമെല്ലാം തിരുമേനി ഇനി പോകണോ എന്നു് കൗൺസിലിൽവച്ച് ഒരാൾ ചോദിച്ചു. അപ്പോൾ സന്തോഷമുള്ള മുഖങ്ങൾ ഞാൻ കാണണ്ടാ എന്നാണോ നിങ്ങൾ നിർദ്ദേശിക്കുന്നത്'' എന്ന മറുചോദ്യം ആയിരുന്നു അതിനുള്ള മറുപടി. എന്തായാലും തേക്കുംകാട്പോലുള്ള സ്ഥലത്തുപോയി പള്ളികൂദാശ നടത്തിയിട്ടു ഒരാവശ്യവുമില്ല എന്നു് ആ കൗൺസിൽ അംഗങ്ങൾ ആവേശപൂർവം പറഞ്ഞപ്പോൾ സ്വതസിദ്ധമായ പുഞ്ചിരിയോടുകൂടി അദ്ദേഹം പറഞ്ഞു: 'മദ്രാസ്‌മേയറും മററും പങ്കെടുക്കുന്ന ഇടവക ദിനത്തിൽ പങ്കെടുക്കാം. പാവപ്പെട്ട കർഷകർ കാടുവെട്ടിത്തെളിച്ചു കാട്ടുകൊമ്പുകൊണ്ടുണ്ടാക്കിയ ആരാധനാസ്ഥലം കൂദാശ ചെയ്യാൻ പാടില്ല.?!'

(ഡോ. യൂഹാനോൻ മാർത്തോമ്മാ ജീവിതവും സന്ദേശവും. p. 52-53).

കർഷകർ കാട്ടുകൊമ്പുകൊണ്ടുണ്ടാക്കിയ ദേവാലയവും കുബേരന്മാർ പരവതാനിവിരിച്ച് പണിതുയർത്തിയ ദേവാലയവും തിരുമേനിയുടെ കണ്ണുകളിൽ ഒരുപോലെ ആയിരുന്നു. വലിയതിരുമേനി കൗൺസിൽ അംഗങ്ങളോടു ചോദിച്ച ചോദ്യം ആരെയാണ് ഇരുത്തിച്ചിന്തിപ്പിക്കാത്തത്?

മലങ്കര സഭയിലെ ഭദ്രാസനങ്ങളിൽവച്ച് സാമ്പത്തികമായി ഏററം പിന്നോക്കം നിൽക്കുന്ന ഇടുക്കി ഭദ്രാസനത്തിൻെറ അധിപൻ ആയ മാത്യൂസ് മാർ ബർണ്ണബാസ് മെത്രാപ്പോലീത്താ തിരുമേനി കാടും മലകളും കുന്നുംകുഴികളും കയറിയിറങ്ങി ആടുകളെതേടി അലയുന്ന ചിത്രം ഇതെഴുതുമ്പോൾ മനസ്സിൽ തെളിയുന്നു. ലളിത ജീവിതം മുഖമുദ്രആക്കി മാററിയ ഒരു ഉത്തമ അജപാലകനാണദ്ദേഹം.

വളന്നു വരുന്ന തലമുറയ്ക്കു് ഉത്തമ മാതൃക കാട്ടുന്ന ദർശനം ഉള്ള ക്രിസ്തീയ സഭാ നേതാക്കളെക്കൊണ്ട് കേരളത്തിലെ സഭകൾ സമ്പന്നം ആകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

സാമൂഹ്യനീതിക്കു വേണ്ടി പ്രസംഗവേദികളിൽ നിന്നു് അട്ടഹസിക്കയുംപ്രബന്ധങ്ങൾ അവതരിപ്പിച്ച് തൃപ്തി അടയുകയും ചെയ്തതുകൊണ്ടു മാത്രം ആയില്ല. സാധാരണക്കാരുടെ നീറുന്ന പ്രശ്നങ്ങളുടെ ഉറവിടം കണ്ടെത്തി അവിടേക്ക് ഇറങ്ങിച്ചെല്ലാൻ സഭാനേതാക്കൾ സന്നദ്ധരാകണം.

അധ:കൃതരെന്നു് സവർണ്ണരാൽ മുദ്രകുത്തി ഒരു കാലത്ത് മാററി നിറുത്തപ്പെട്ട ഒരു ജനത ഇന്നു് ഉയർത്തെഴുന്നേററു കഴിഞ്ഞു. പക്ഷെ കേരളത്തിലെ ക്രൈസ്തവരിൽ പലർക്കും ഹൃദയപൂർവ്വം അവരെ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ലാ എന്നതാണു സത്യം. തീർത്തും അക്രൈസ്തവമായ ഒരു ചിന്താഗതിയാണിത്.

ഒരു സവർണ്ണനോ ഒരു വെള്ളക്കാരനോ നമ്മുടെ സഭയിലേക്കു ചേർന്നാൽ മലങ്കര നസ്രാണികൾ അതിരററ് ആ

(ശേഷം 3-ാംപേജിൽ)

# ലേഖനം (തുടർച്ച)

റ്റാദിക്കും; കരഘോഷം മുഴക്കി സ്വാഗതം ചെയ്യും.

ഹരിജനങ്ങളെ സഭയിലേക്ക സ്വാഗതം ചെയ്യുവാൻ പാരമ്പര്യ ക്രിസ്ത്യാനികൾ സന്നദ്ധരാകണം. ഹരിജനങ്ങളിൽനിന്നു് ഒരു മഹാ പുരോഹിതൻ ഉണ്ടാവുകയും പാരമ്പര്യ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ കൈമുത്തുകയും ചെയ്യുന്ന കാഴ്ച കേവലം ഒരു സങ്കല്പ ചിത്രം ആകാതിരിക്കട്ടെ.

സി. എസ്. ഐ. ലുണ്ടായ പ്രത്യാഘാതങ്ങൾ ഓർത്തു കൊണ്ടു തന്നെയാണ് ഇതെഴുതുന്നത്. സ്നേഹവും സമാധാനവും തുടിച്ചു നിൽക്കുന്ന ക്രിസ്തീയ ദൗത്യം, വർഗ്ഗീയ വാദികൾക്കും ജാതിഭ്രാന്തന്മാർക്കും ഉൾക്കൊള്ളാനാവില്ല. സ്ഥാപിത താല്പര്യക്കാർക്ക് ക്രിസ്തീയ ദൗത്യം അസമാധാനത്തിന്റെ ദൂതു് ആയി പരിണമിക്കുന്നു.

ഭാരതത്തിലെ ജനസംഖ്യയിൽ രണ്ടരശതമാനക്കാരാണ് ക്രിസ്ത്യാനികൾ. രണ്ടായിരം വർഷത്തെ പഴക്കം ഉണ്ടെങ്കിലുംഇന്നും രണ്ടര ശതമാനക്കാരായി നിൽക്കുന്നതിന്റെ കാരണമെന്ത്? കേരളത്തിലെ ഒരു വിഭാഗം ക്രൈസ്തവർ പുലർത്തിപ്പോന്ന ജാത്യാഭിമാനം ക്രിസ്തുമതത്തിന്റെ വളർച്ചയെ സാരമായി ബാധിച്ചു. തങ്ങൾ സവർണ്ണരാണെന്ന ബോധം മൂലം സാധാരണക്കാരുമായി അലിഞ്ഞു ചേരുവാൻ പാരമ്പര്യ ക്രിസ്ത്യാനികൾ മടിച്ചു. അപൂർവ്വം ചില മഹാപുരോഹിതന്മാർക്കും സഭാ നേതാക്കൾക്കും മാത്രമേ അവർണ്ണരുടെ ഇടയിലേക്ക്ഇറങ്ങിച്ചെല്ലുവാൻ കഴിഞ്ഞിട്ടുള്ളു. ഇരുപത്തൊന്നാം നൂററാണ്ടിന്റെ പടിവാതിലിൽ എത്തി നിൽക്കുന്ന ഈ സന്ദർഭത്തിൽപ്പോലും അവർണ്ണരെ ഉൾക്കൊള്ളുവാൻ പാരമ്പര്യ ക്രിസ്ത്യാനിക്ക കഴിഞ്ഞിട്ടില്ല,

പരിശുദ്ധനും വിശാലമനസ്കനും ആയ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി അധഃകൃതരെ ക്രിസ്തീയ സ്നേഹത്തിന്റെ പ്രകാശത്തിലേക്ക വഴി നടത്തുവാൻ കഠിനമായി ശ്രമിച്ചിരുന്നു. പരുമല തിരുമേനിയുടെ വത്സലശിഷ്യനും മലങ്കരയുടെ വലിയ ബസ്സേലിയോസ് എന്നു് പിൽക്കാലത്ത് അറിയപ്പെട്ടവനും ആയ പ. ഗീവറുഗീസ് ദ്വിതീയൻ ബാവായും ഈ കാര്യത്തിൽ അതീവ തല്പരൻ ആയിരുന്നു'.

പരുമല തിരുമേനിയുടെ വിശാല വീക്ഷണവും ക്രിസ്തീയ ദർശനവും ഉൾക്കൊള്ളുവാൻ അന്ധമായ ജാത്യാഭിമാനത്തിൽ കുടുങ്ങിക്കിടന്ന മലങ്കര നസ്രാണികൾക്ക ഇന്നും കഴിഞ്ഞിട്ടുണ്ടോ? കാലങ്ങൾക്കശേഷം മൂക്കഞ്ചേരി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി അർപ്പണബോധത്തോടെ സുവിശേഷവേല ചെയ്തു. ഇപ്പോൾ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ആ പാത പിൻതുടരുന്നു എന്നതിൽ ആശ്ലാദിക്കാം.

സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും, സ്ഥാനമാനങ്ങൾ ആർജ്ജിക്കുന്നതിലും മാത്രമാണ് പല ക്രൈസ്തവനേതാക്കളുടെ ശ്രദ്ധ.

ക്രൂശിതനായ ക്രിസ്തുവിനെ വിസ്മരിച്ചുകൊണ്ടു്, ക്രിസ്തീയ സ്നേഹം തെല്ലുമില്ലാതെ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിൽ ക്രിസ്ത്യാനികൾ കാട്ടുന്ന വ്യഗ്രത വേദനാജനകമാണ്.

കാൽവറിയിലെ മഹാത്യാഗത്തെ അനുസ്മരിപ്പിക്കുന്ന രക്ഷയുടെ ചിഹ്നമാണ് കുരിശ്. പക്ഷെ ക്രിസ്തീയ സ്നേഹമില്ലാത്ത മതഭ്രാന്തന്മാരുടെ കൈയിൽ കുരിശ് പ്രതികാരത്തിന്റെ വാൾ ആയി ഉയരുന്നു. ആദർശശാലികൾ ആയ യുവാക്കൾ അടിതെററി വീഴാൻ ഇതുമൂലം ഇടവരുന്നു.

ബാഹ്യമായ വളർച്ചയിൽ മാത്രമാണ് ഇന്നു കേരളസഭകളുടെ ശ്രദ്ധ. ആത്മീകവളർച്ചയ്ക്ക് അല്പംപോലും ശ്രദ്ധിക്കാതെ ബാഹ്യമായ വളർച്ചയിൽ മാത്രം കണ്ണുംനട്ടു കഴിയുകയാണെങ്കിൽ റഷ്യൻസഭയ്ക്കുണ്ടായ ദുര്യോഗം കേരളത്തിലെ ക്രൈസ്തവ സഭകൾക്കുണ്ടാകും എന്നതിൽ തർക്കമില്ല.

റഷ്യൻജനതയുടെ ആത്മാവിൽ തിളച്ചുനിന്നിരുന്ന അഗ്നിപർവ്വതം കണ്ടെത്താൻ റഷ്യൻ ഓർത്തഡോക്സ് സഭയ്ക്കു കഴിഞ്ഞില്ല. അതു് ഉരുണ്ടുകൂടി ഒന്നായി പൊട്ടിത്തെറിച്ചപ്പോൾ ആ അഗ്നിപ്രവാഹത്തിൽ സമ്പന്നമായ റഷ്യൻ ഓർത്തഡോക്സ് സഭയുടെ കോട്ടകൊത്തളങ്ങൾ എരിഞ്ഞു ചാമ്പലായി.

പ്രതാപപൂർണ്ണമായിരുന്ന റഷ്യൻ ഓർത്തഡോക്സ് സഭയുടെ പതനം ഇതരസഭകൾക്ക് ഒരു പാഠമാണ്. അന്നത്തെ റഷ്യൻ സഭയിലെ മഹാപുരോഹിതന്മാരിൽ അധികപങ്കും ക്രിസ്തീയദർശനം നഷ്ടപ്പെട്ടവരായിരുന്നു. കേരളസഭയെ സംബന്ധിച്ചിടത്തോളം യഥാർത്ഥ ക്രിസ്തീയ ദർശനമുള്ള പുരോഹിതന്മാരും അത്മായനേതാക്കളും ഉണ്ടെന്നുള്ളതു് ആശ്വാസത്തിനു വക നൽകുന്നു. പക്ഷെ അവരുടെ ശബ്ദം സാധാരണക്കാരുടെ കാതുകളിൽ എത്തുന്നുണ്ടോ? സഭാനേതൃത്വത്തിന്റെ ശ്രദ്ധ ഈവഴിക്ക തിരിയേണ്ടിയിരിക്കുന്നു.

ദർശനമുള്ള ഏതാനും പുരോഹിതന്മാരും മഹാപുരോഹിതന്മാരും ഉണ്ടായതുകൊണ്ടു മാത്രം കേരളത്തിലെ ക്രൈസ്തവസഭകൾക്ക് തങ്ങളുടെ ദൗത്യം പൂർണ്ണമായും നിർവഹിക്കാനാവുകയില്ല. ദർശനമുള്ള ആയിരമായിരം അത്മായക്കാർ സഭയിൽ ഉയർന്നുവരണം. അത്മായരിൽ ക്രിസ്തീയ ദർശനം ഉളവാക്കുവാൻ സഭാനേതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ ഭൗതികവാദം ഉയർത്തുന്ന വെല്ലുവിളികളെ നേരിടുവാൻ കേരളത്തിലെ സഭകൾക്ക കഴിയുകയുള്ളു.

സഭയുടെ ബാഹ്യരൂപം കണ്ടുകൊണ്ടല്ല ആയിരമായിരങ്ങൾ ക്രിസ്തുനാഥന്റെ ആലയത്തിലേക്ക വന്നെത്തിയതു്. ക്രിസ്തുനാഥൻ കാട്ടിത്തന്ന മാർഗ്ഗത്തിലൂടെ പതറാതെ ചരിക്കുന്ന ത്യാഗധനരും ക്രിസ്തീയ സ്നേഹത്താൽ ജ്വലിക്കുന്നവരും ആയ വിശ്വാസികളുടെ ജീവിതം അക്രൈസ്തവരെ ക്രിസ്തുവിലേക്ക് ആകർഷിച്ചു.

''ഞാൻ വഴിയും സത്യവും ജീവനും ആകുന്നു'' എന്നു് ക്രിസ്തുനാഥൻ പഠിപ്പിച്ചു. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ദയയുടെയും ദീനാനുകമ്പയുടെയും മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം. ഈ ശാശ്വതസത്യം കേരളത്തിലെ പാരമ്പര്യക്രിസ്ത്യാനികൾ വിസ്മരിച്ചതുപോലെ തോന്നുന്നു.

ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികളുടെ ജീവിത മാതൃക ശത്രുക്കളെപ്പോലും അത്ഭുതപ്പെടുത്തിയിരുന്നു. അവരുടെ ജീവിതം തന്നെ പ്രേഷിത വേല ആയിരുന്നു ക്രിസ്ത്യാനികളുടെ ഉത്തമജീവിത മാതൃകമൂലം ആയിരമായിരങ്ങൾ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെട്ടു. അക്രൈസ്തവർ കൂട്ടംകൂട്ടമായി സഭയോടു ചേർന്നു. വേദവാക്യങ്ങൾ ഉദ്ധരിച്ചുള്ള പ്രസംഗങ്ങൾ മാത്രം ആയിരുന്നില്ല അവരുടെ സുവിശേഷവേല. ക്രിസ്തുവിനെ സ്വന്തജീവിതത്തിലൂടെ അവർ തുറന്നു കാട്ടിയിരുന്നു. അന്നത്തെ ക്രിസ്ത്യാനികളെ അവരുടെ ജീവിതരീതി കൊണ്ടുതന്നെ അക്രൈസ്തവരിൽനിന്നു് വേർതിരിച്ച് അറിയാൻ കഴിയുമായിരുന്നു.

ഇന്നു് ജീവിത രീതി കൊണ്ടു് ക്രൈസ്തവരെ അക്രൈസ്തവരിൽനിന്നു് തിരിച്ചറിയുവാൻ കഴിയുമോ? ക്രിസ്തുവിന്റെ നാമം ഉച്ചരിക്കുകയും, തങ്ങൾ ക്രിസ്ത്യാനികൾ ആണെന്നു് അവകാശപ്പെടുകയും, ആചാരാനുഷ്ഠാനങ്ങൾ കൊണ്ടു് തൃപ്തിപ്പെടുകയും ചെയ്യുന്നതു കൊണ്ടു് മാത്രം ക്രിസ്ത്യാനികൾ എന്ന പദവിക്കു് നാം അർഹരാകുമോ? ആദിമ ക്രൈസ്തവരെപ്പോലെ സ്വന്തജീവിതത്തിലൂടെ ക്രിസ്തുവിനെ വെളിപ്പെടുത്താൻ അർപ്പണ ബുദ്ധിയോടെ നാം പ്രവർത്തിക്കണം.

ആദർശ ശുദ്ധിയില്ലാത്ത രാഷ്ട്രീയ പ്രവർത്തകരെപ്പോലെ സ്വാർത്ഥലാഭത്തിനുവേണ്ടി താണതരം അടവുകൾ പ്രയോഗിക്കുന്ന ക്രൈസ്തവരെ എവിടെയും കാണാം. സ്നേഹം, സത്യം, നീതി, സ്വഭാവശുദ്ധി ഇതെല്ലാം, ബലി കഴിക്കപ്പെടുന്നു. ഇവയെല്ലാം പ്രസംഗ പീഠങ്ങളിലും, പുസ്തകത്തിന്റെ താളുകളിലും മാത്രം ആയി ഒതുങ്ങിക്കൂടിയിരിക്കുന്നു.

ഭൗതിക പുരോഗതിക്കുവേണ്ടി ആദർശങ്ങൾ ബലി കഴിക്കുന്നതിൽ ആർക്കും മനഃസാക്ഷിക്കുന്നില്ല. ക്രിസ്തുവിനെ ഹൃദയത്തിൽ സംവഹിക്കുന്നവർക്കു് ക്രിസ്തീയാദർശങ്ങൾ ബലികഴിക്കാൻ സാദ്ധ്യമല്ല.

ക്രിസ്തീയ ദർശനം നഷ്ടപ്പെട്ട നേതാക്കൾ സഭാംഗങ്ങളെ നയിക്കുന്നത് കുരുടൻ കുരുടനെ വഴി കാട്ടുന്നതിനു തുല്യമാണ്. ഒന്നാം നൂററാണ്ടിലെ ക്രൈസ്തവരെപ്പോലെ എന്തെല്ലാം അഗ്നി പരീക്ഷണങ്ങൾ നേരിടേണ്ടി വന്നാലും ക്രിസ്തീയാദർശങ്ങൾ ബലി കഴിക്കയില്ലായെന്നു് സ്വന്തം ജീവിതത്തിലൂടെ തെളിയിക്കാൻ പ്രതിജ്ഞാബദ്ധരാകണം. യഥാർത്ഥ മാനസാന്തരത്തിന്റെ അനുഭവം ക്രൈസ്തവർക്കുണ്ടാകണം. എങ്കിൽ മാത്രമെ നാം ദൈവരാജ്യത്തിനു് അവകാശികളാകയുള്ളു.

ഭൗതിക വാദം സഭയ്ക്കു് ഒരു വലിയ വെല്ലുവിളിയായി നിലകൊള്ളുന്നു. ആ വെല്ലുവിളിയെ നേരിടണമെങ്കിൽ നഷ്ടപ്പെട്ട ക്രിസ്തീയ ചൈതന്യം സഭകൾ വീണ്ടെടുക്കണം. ക്രിസ്തീയ ചൈതന്യം ഓളം വെട്ടുമ്പോൾ അവിടെ ഭൗതികവാദം ഉയർത്തുന്ന കൊടുങ്കാററുകൾ താനെ കെട്ടടങ്ങിക്കൊള്ളും.

മനുഷ്യരാശിക്കുവേണ്ടി ചുടുനിണം ചിന്തിയ ക്രിസ്തുനാഥന്റെ ദിവ്യസ്നേഹം കേരള ക്രൈസ്തവരുടെ ഹൃദയങ്ങളിൽ ജ്വലിച്ചുപ്രകാശിക്കണം. സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതവും മാതൃകാപരവും ആയ ഒരു ജീവിതം കേരള ക്രൈസ്തവ സഭകൾ നയിക്കുന്ന പക്ഷം അഗ്നി പരീക്ഷകളിലൂടെ ദൈവം സഭകളെ സംശുദ്ധമാക്കും.

സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന ശക്തിയായബോധം പരിശുദ്ധനായ പൗലൂസിനെന്നതുപോലെ നമുക്കുണ്ടാകണം. ക്രിസ്തു കാട്ടിത്തന്ന സ്നേഹവും, ത്യാഗവും നമ്മുടെ ജീവിതത്തിലൂടെ പ്രായോഗികമാക്കണം. പ്രസംഗത്തിലൂടെയല്ല ജീവിതത്തിലൂടെ ക്രിസ്തുവിന്റെ ശരീരമാണ് സഭ എന്നു് തെളിയിക്കണം. ഭൗതിക വസ്തുക്കളെ നിസ്സാരമെന്നു കരുതുകയും, ശത്രുക്കളോടുപോലും ക്ഷമിക്കയും ചെയ്ത ക്രിസ്തുനാഥന്റെ ശരീരത്തിലെ അവയവങ്ങളായി സഭാംഗങ്ങൾ പ്രവർത്തിക്കണം. കേരള സഭകൾ ക്രിസ്തുവിന്റെ ശരീരവും ത്യാഗത്തിന്റെ ശക്തി ദുർഗ്ഗവും ആയിത്തീരട്ടെ എന്നു നമുക്ക പ്രാർത്ഥിക്കാം. അപ്പോൾ ഭൗതികവാദം ഉയർത്തുന്ന കൊടുങ്കാററുകൾക്ക് സഭയുടെ കോട്ടകൊത്തളങ്ങളെ തകർക്കാനാവില്ല. തീർച്ച.

## കടമ്പനാട്ടുപള്ളി ആഘോഷം



സുവനീർ പ്രകാശനകർമ്മം നിർവ്വഹിക്കുന്ന നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ



ഭവനദാനകർമ്മം നിർവ്വഹിക്കുന്ന തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ.



എം. ഫിലിപ്പ് ജോവില്ല കൺസ്ട്രക്ഷൻ കമ്മററി കൺവീനർ



വസ്ത്രദാന കർമ്മം നിർവ്വഹിക്കുന്ന മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ.


### ഹെറാൾഡ് വരിസംഖ്യാ നിരക്ക്

| | | |
|---|---|---|
| വാർഷികം | – | 50രൂപാ |
| $2\frac{1}{2}$ വർഷം | – | 100രൂപാ |
| ആയുഷ്കാലം | – | 1000രൂപാ |

വിലാസം

മാനേജർ
ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം
കോട്ടയം–686038



ടി. എം. വർഗ്ഗീസ്
ട്രസ്റ്റി

## മാതൃദേവാലയം തുടർച്ച...

വിതർക്കങ്ങൾ നിലനില്ക്കുന്നതു്.

വനാന്തരപ്രദേശത്തു നിന്നുള്ള വരയൻ പുലിയുടെ ഉപദ്രവംകൊണ്ടോ, പാണ്ടിയിൽ നിന്നുള്ള പറപ്പടയേററത്തിന്റെ കെടുതികൊണ്ടോ, ഫലഭൂയിഷ്ഠമായ മണ്ണു തേടിയോ, വാണിജ്യസൗകര്യം കണക്കിലെടുത്തോ നിലയ്ക്കലുണ്ടായിരുന്ന പൗരാണികക്രൈസ്തവരുടെ പിൻതുടർച്ചക്കാർ നിലയ്ക്കൽ വിട്ടു കുടിയേററം നടത്തി.

അവരിൽ ഒരു വിഭാഗം കാഞ്ഞിരപ്പള്ളിയിലും മററൊരു വിഭാഗം കടമ്പനാട്ടും കുടിയേറിയതായി ചരിത്രരേഖകൾ പറയുന്നു. അങ്ങനെ കടമ്പനാട്ടുപള്ളി മദ്ധ്യതിരുവിതാംകൂറിലെ പല പുരാതന പള്ളികളുടെയും മാതൃദേവാലയമായി നിലകൊള്ളുന്നു.

കടമ്പനാട്ടുനിന്നും കായംകുളം, മാവേലിക്കര, തുമ്പമൺ, കണ്ണംകോട്, കല്ലട തുടങ്ങിയ സ്ഥലങ്ങളിലേക്ക് വീണ്ടും കുടിയേററമുണ്ടായി. ഈ സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ ഉണ്ടാകുംവരെ കടമ്പനാട്ടുപള്ളിയിൽ തന്നെയാണ് ആരാധനയ്ക്കും മററു കർമ്മാനുഷ്ഠാനങ്ങൾക്കും കുടിയേററക്കാർ എത്തിയിരുന്നതു്. ചരിത്രരേഖകൾ അനുസരിച്ച് കായംകുളംപള്ളി എ.ഡി. 825-ൽ സ്ഥാപിച്ചു എന്നു മനസ്സിലാക്കാം. കായംകുളം പള്ളിയുടെ തലപ്പള്ളി എന്ന നിലയിൽ കടമ്പനാട്ടുപള്ളി . അപ്പോൾ, എ.ഡി. 825നും മുൻപുതന്നെ സ്ഥാപിതമായിഎന്നതിനു് മററു തെളിവുകൾ ആവശ്യമില്ലത്രെ!

നിലയ്ക്കൽ നിന്നുള്ള കുടിയേററക്കാരിൽ ഹൈന്ദവരും നസ്രാണികളും ഉണ്ടായിരുന്നു. ഇരുക്കൂട്ടർക്കും കടമ്പനാട് ആരാധനാലയങ്ങൾ ഉണ്ടായി. ആ സാമുദായികമൈത്രി കടമ്പനാട്ടുള്ള ജനങ്ങൾക്കിടയിൽ ഇന്നും കാണാം.

കടമ്പനാട്ടു പള്ളിയുടെ വടക്കേ ഭിത്തിയിൽ വട്ടെഴുത്തു ലിപിയിൽ ഇങ്ങനെ ഒരു ലിഖിതം കാണുന്നു. ''780-ാം ആണ്ടു് തുലാമാതം 22-നു് നമ്മുടെ കണക്കമുനിയച്ചൻ ഒരുപ്പോരുടെ മകൻ മരിച്ചു. നല്ല വഴിക്കു പോയി''. ഇതിൽ പറഞ്ഞിരിക്കുന്ന അച്ചൻ കടമ്പനാട്ടു പടിപ്പുര വീട്ടിലച്ചൻ ആണെന്നാണ് വിശ്വസിക്കുന്നതു്.

1686-ൽ മലങ്കര സഭയുടെ അത്യുന്നത ആത്മീയ പിതാവായി പകലോമററം തറവാട്ടിൽപെട്ട ഒരാളെ മാർത്തോമ്മാ മൂന്നാമനായി വാഴിച്ചു.

സ്ഥാനാരോഹണത്തിനു ശേഷം ഇദ്ദേഹം തന്റെ ഭരണസീമയിൽ പെട്ട പ്രധാന പള്ളികളിലൊന്നായ കടമ്പനാട്ട് പള്ളിയും സന്ദർശിക്കുകയുണ്ടായി. കടമ്പനാട്ടുള്ള പൗരാണിക നസ്രാണികൾ മലങ്കരയുടെ അത്യുന്നതാചാര്യനെ അത്യാദരവോടെ സ്വീകരിച്ചു.

പ. മൂന്നാം മാർതോമ്മാ ഈ പള്ളിയിൽ താമസിച്ചു വരവെ 1688 മേടം 8 നു് (ഏപ്രിൽ 21) കാലം ചെയ്യുകയും അടുത്ത ദിവസം പള്ളി മദ്ബഹായിൽ കബറടങ്ങുകയും ചെയ്തു.

അന്നുമുതൽ ഈ പൗരാണിക ദേവാലയം ക്രൈസ്തവരുടെ ഒരു തീർത്ഥാടന കേന്ദ്രംകൂടിയായി മാറി. 'വല്യപ്പൂപ്പൻ' എന്നു് വിശ്വാസികൾ സംബോധന ചെയ്തു മദ്ധ്യസ്ഥതയണക്കുന്നതു് പ. മൂന്നാം മാർത്തോമ്മായോടാണ്. വിശുദ്ധ ജീവിതത്തിന്റെ ഉടമയായിരുന്ന പ. പിതാവിന്റെ മദ്ധ്യസ്ഥതയ്ക്കു് വലിയ പ്രാധാന്യം കല്പിക്കുന്നവരാണ് കടമ്പനാട്ട നസ്രാണികൾ. അതെക്കുറിച്ച് ആയിരമായിരം ജീവിക്കുന്ന കഥകൾ അവർക്കിടയിൽ തന്നെ നിലകൊള്ളുന്നുമുണ്ട്.

ഇന്നു് ഇദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളുകളിൽ സംബന്ധിക്കുന്നവർ ജാതിയുടെ വേലിക്കെട്ടുകൾ പോലും പൊളിച്ചു മാററിക്കൊണ്ടാണ് എത്തുന്നതു്. കടമ്പനാട്ടുനിന്നും കുടിയേറിയവരുടെ പിൻതുടർച്ചക്കാരും ഈ ഭക്തിസാന്ദ്രമായ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹാശിസുകൾ നേടുന്നവരിൽ പെടുന്നു.

ഈ പെരുന്നാൾ ദിവസം ഭക്തിനിർഭരവും ആഡംബര സമന്വിതവുമായ റാസയും



മാത്യൂർ എം. യോഹന്നാൻ
ആഘോഷക്കമ്മററി
കൺവീനർ



സി. ഡി. ഹാബേൽ
ഫിനാൻസ് കമ്മററി
കൺവീനർ



അഡ്വ. ഏബ്രഹാം
തങ്കച്ചൻ ഇലവുക്കാട്ടു്,
സുവനീർ & പബ്ലിസി
ററി കമ്മററി കൺവീനർ

വി. മൂന്നിന്മേൽ കുർബാനയും മുടക്കപ്പെടാറില്ലത്രെ!

നിലയ്ക്കൽ ബന്ധംകൊണ്ടാവണം ഈ ദേവാലയത്തിനു സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി എന്ന പേർ വന്നതും പള്ളി സ്ഥാപനകാലം മുതൽ മാർത്തോമ്മാ ശ്ലീഹായുടെ ദുഖറോനാ പെരുന്നാളും ഇവിടെ സാഘോഷംകൊണ്ടാടി വരുന്നുണ്ടു്.

പരിശുദ്ധനായ മൂന്നാം മാർത്തോമ്മായുടെ മുന്നൂറാം ഓർമ്മപ്പെരുന്നാളിന്റെ സ്മരണയെ നിലനിർത്തുവാൻ 8 ലക്ഷം രൂപാ നിർമ്മാണ ചിലവു വരുന്ന ഒരുകമ്മ്യൂണിററി ഹാളിനു് 1988 ഏപ്രിൽ 22-നു് കല്ലിടുകയാണ്. ആഘോഷങ്ങളോടനുബന്ധിച്ച് സാധുക്കളായ 300 പേർക്കു് വസ്ത്രദാനവും നിർദ്ധനരായ ഭവനരഹിതർക്കു് ഭവനദാനവും ആഘോഷങ്ങളോടനുബന്ധിച്ച് നിർവ്വഹിക്കപ്പെടുന്നു.

പരിശുദ്ധനായ മൂന്നാം മാർത്തോമ്മായുടെ മദ്ധ്യസ്ഥതയും കാവലും നാടിനും വിശ്വാസികൾക്കും കാവലായിരിക്കും. മലങ്കര ഓർത്തഡോക്സ് ഹെറാൾഡിന്റെ ആശംസകൾ.

## കടമ്പനാട്ടുപള്ളി തുടർച്ച

പ്രസിഡൻറു്) എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തും. തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഭവനദാനവും മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ വസ്ത്രദാനവും നിർവ്വഹിക്കും.

7 മണിക്കു് കുണ്ടറ ടി. ജോർജ്ജുകുട്ടി & പാർട്ടിയുടെ ഗാന



കെ. വി. ജോർജ്
പള്ളി സെക്രട്ടറി

മേളയോടെ ഏപ്രിൽ 17-നു് ആരംഭിച്ച ആഘോഷങ്ങൾക്കു് തിരശീല വീഴും. ഏപ്രിൽ 17-നു് മാതൃ ഇടവകകൂടിയായ നിലയ്ക്കൽ പള്ളിയിൽനിന്നു് ആഘോഷപൂർവ്വംകൊണ്ടുവന്ന ദീപശിഖ വൈകിട്ടു് 5 മണിക്കു് പള്ളിയിൽ പ്രവേശിച്ചതോടെയാണ് ഓർമ്മപ്പെരുന്നാളാഘോഷങ്ങൾ ഔദ്യോഗികമായി ആരംഭിച്ചതു്. തുടർന്നു് പെരുന്നാൾ കൊടിയേററം നടത്തി.

18 തിങ്കളാഴ്ച സന്ധ്യാ നമസ്കാരത്തെ തുടർന്നു് സിറിൽ റമ്പാൻ സത്യവിശ്വാസ പ്രഭാഷണം നടത്തി.

ഏപ്രിൽ 19 രാവിലെ 9 മുതൽ 3 വരെ ഇടവക ധ്യാനം സിറിൽ റമ്പാൻ നയിച്ചു.

20, 21 തീയതികളിൽ രാവിലെ വി. കുർബാന അർപ്പിച്ചു.

21 വ്യാഴാഴ്ച 2 മണിക്കു് വാദ്യമേളവും മൂന്നുമണിക്കു് ആഡംബര സമന്വിതവുമായ റാസയും 7 മണിക്കു് സന്ധ്യാ നമസ്കാരവും നടന്നു.

ഫാ. എം. എൽ. തോമസ് വികാരിയും ടി. എം. വർഗീസ് ട്രസ്റ്റിയും കെ. വി. ജോർജ് സെക്രട്ടറിയും ആയി സേവനം അനുഷ്ഠിക്കുന്നു.

ഓർമ്മപെരുന്നാളിന്റെ വിപുലമായ ആഘോഷങ്ങളുടെ നടത്തിപ്പിലേക്കു് വിവിധ കമ്മററികളുടെ കൺവീനറന്മാരായി മാത്യൂർ എം. യോഹന്നാൻ (ആഘോഷക്കമ്മററി), സി. ഡി. ഹാബേൽ (ഫിനാൻസ് കമ്മററി), എം. ഫിലിപ്പ് ജോവില്ലാ (കൺസ്ട്രക്ഷൻ കമ്മററി), അഡ്വ. ഏബ്രഹാം തങ്കച്ചൻ ഇലവുക്കാട്ടു് (സുവനീർ & പബ്ലിസിററി കമ്മററി) എന്നിവർ പ്രവർത്തിക്കുന്നു.

ഇരിക്കുന്നവർ ഇടത്തുനിന്നു്: സി. വൈ. പാപ്പച്ചൻ, വി. ടി. ജോർജ്ജുകുട്ടി, സി. ബേബി, കെ. വി. ജോർജ്ജ് (സെക്രട്ടറി), റവ. ഫാ. എം. എൽ. തോമസ്, (വികാരി) ടി. എം. വർഗ്ഗീസ് (ട്രസ്റ്റി) കെ. ടി. ജോൺസൺ കെ. കുഞ്ഞുകോശി വൈദ്യൻ. നിൽക്കുന്നവർ: ഇടത്തുനിന്നു്. വി. ജി. തങ്കച്ചൻ, സി. എസ്. ഗീവർഗീസ്, പി. എം. അന്ത്രയോസ് (ശുശ്രൂഷകൻ), ജി. തങ്കച്ചൻ, പി. കെ. തോമസ്, പി. ജെ. സൈമൺ, കെ. സി. ജോർജ്ജ്, ടി. ടി. വക്കി, പി. കെ. ഫിലിപ്പ്, കെ. പി. ബാബു, പി. ജി. മാത്യു, വൈ. സ്കറിയാ



Edited & Published by Shabaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038